കേരള സംസ്ഥാന

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ

# സേവന കേന്ദ്രങ്ങൾ



KSACS

KERALA STATE AIDS CONTROL SOCIETY

കേരള സംസ്ഥാന
എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ

# സേവന കേന്ദ്രങ്ങൾ

KSACS

KERALA STATE AIDS CONTROL SOCIETY

# ആമുഖം

നമ്മുടെ രാജ്യത്തെ എച്ച്.ഐ.വി/ എയ്ഡ്സ് നിയന്ത്രണത്തിനും അണുബാധിതരുടെ ചികിത്സയ്ക്കും പരിചരണത്തിനുമായി ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ എയ്ഡ്സ് കണ്ട്രോൾ ഓർഗനൈസഷൻ (NACO). ഓരോ സംസ്ഥാനങ്ങളിലും എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ NACO യുടെ മാർഗ്ഗനിർദേശ പ്രകാരം നടപ്പിലാക്കുന്നതിന് അതാത് സംസ്ഥാനങ്ങളിലെ ആരോഗ്യ വകുപ്പിന് കീഴിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിൽ കേരള സർക്കാരിന്റെയും, ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻറെയും കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി.

KSACS ഭരണസമിതിയുടെ ചെയർപേഴ്സൺ കേരള സർക്കാർ ചീഫ് സെക്രട്ടറിയാണ്. സംസ്ഥാനത്തെ എച്ച്ഐവി / എയ്ഡ്സ് പകർച്ചവ്യാധി നിയന്ത്രണത്തിൽ KSACS സുപ്രധാന പങ്ക് വഹിക്കുന്നു. എച്ച്ഐവി / എയ്ഡ്സ്, എസ്.ടി.ഐ (2017- 24)
എന്ന ദേശീയ പദ്ധതി നടപ്പിലാക്കുന്നതിലാണ് നിലവിൽ KSACS ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.





- 2024 ഓടു കൂടി എച്ച്.ഐ.വി അണുബാധിതരിലെ 95 ശതമാനം ആളുകളും അവരുടെ എച്ച് ഐ.വി അവസ്ഥ തിരിച്ചറിയുക. അവർക്ക് ചികിത്സാനുബന്ധ സേവനങ്ങൾ ലഭ്യമാക്കുക.
- അമ്മയിൽ നിന്ന് കുഞ്ഞിലേയ്ക്ക് എച്ച്.ഐ.വി, സിഫിലിസ് എന്നീ അണുബാധകൾ പകരുന്നത് പൂർണമായും ഇല്ലാതാക്കുക
- എച്ച്.ഐ.വി അണുബാധിതരോടുള്ള സാമൂഹിക നിന്ദയും വിവേചനവും ഇല്ലാതാക്കുക.
- 2024 ഓടെ സന്നദ്ധ രക്തദാനം നിലവിലുള്ള 70 ശതമാനത്തിൽ നിന്ന് 90 ശതമാനമാക്കുക.

## എച്ച്.ഐ.വി/എയ്ഡ്സും **കേരളവും**

എച്ച്.ഐ.വി സാന്ദ്രത താരതമ്യേന കുറഞ്ഞ സംസ്ഥാനമാണ് കേരളം.1987 ൽ കേരളത്തിൽ ആദ്യത്തെ എച്ച്.ഐ.വി അണുബാധ റിപ്പോർട്ട് ചെയ്തു. അന്നു മുതൽ എച്ച്.ഐ.വി/ എയ്ഡ്സ് നിയന്ത്രണണത്തിനായി തീവ്ര നടപടികൾ സംസ്ഥാനം കൈക്കൊള്ളുന്നുണ്ട് . തത്ഫലമായി ദേശീയ ശരാശരിയേക്കാൾ അണുബാധ നിരക്ക് കുറച്ച്  കൊണ്ടുവരുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും എച്ച്.ഐ.വി അണുബാധ കുടിയ അയൽ സംസ്ഥാനങ്ങൾ , തൊഴിലിനും വിദ്യാഭ്യാസത്തിനുമായുള്ള അന്തർ സംസ്ഥാന യാത്രകൾ, കേരളത്തിൽ വർദ്ധിച്ചു വരുന്ന അതിഥി തൊഴിലാളികളുടെ എണ്ണം, പുത്തൻ വിവര സാങ്കേതിക വിദ്യകളുടെ ദുരുപയോഗം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയൊക്കെ നമ്മുടെ അപകട സാധ്യത വർദ്ധിപ്പിക്കുന്നു.

## സേവന കേന്ദ്രങ്ങൾ

എച്ച്.ഐ.വി/എയ്ഡ്സ്, ലൈംഗിക രോഗങ്ങൾ എന്നിവയുടെ നിയന്ത്രണം,അണുബാധിതരുടെ ചികിത്സ,പരിചരണം സന്നദ്ധ രക്തദാനം പ്രോൽസാഹിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈററിയുടെ കീഴിൽ വിവിധ സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അവയെക്കുറിച്ചുള്ള വിശദാംശങ്ങൾ നമുക്ക് ഇനി മനസ്സിലാക്കാം.

## 1 Targeted Intervention Program (TI) സുരക്ഷാ പദ്ധതികൾ

സ്വഭാവ രീതികൾ കൊണ്ടും തൊഴിൽ കാരണമായും എച്ച്. ഐ.വി പിടിപെടാൻ സാധ്യത കൂടുതൽ സ്ത്രീ ലൈംഗിക തൊഴിലാളികൾ, സ്വവർഗാനുരാഗികളായ പുരുഷന്മാർ, ട്രാൻസ്ജെൻഡേഴ്സ്, മയക്കുമരുന്ന് കുത്തിവെയ്ക്കുന്നവർ, അതിഥി തൊഴിലാളികൾ, ദീർഘദൂര ഡ്രൈവർമാർ എന്നിവർക്കാണ്. ഈ വിഭാഗങ്ങൾക്കിടയിലെ എച്ച്. ഐ.വി പ്രതിരോധം സാധ്യമാക്കുന്നതിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സന്നദ്ധ സംഘടനകളുടെയ ും പഞ്ചായത്തുകളുടെയും സഹകരണത്തോടു കൂടി സംസ്ഥാനത്ത് നിലവിൽ 61 പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട്. എച്ച്. ഐ വിയെ കുറിച്ച് അവബോധം സൃഷ്ടിക്കൽ, കോണ്ടം ലഭ്യമാക്കൽ, കൃത്യമായ ഇടവേളകളിൽ പരിശോധനകൾ (ഒലറശരമഹ ഇവലരസൗു), 6 മാസത്തിലൊരിക്കൽ എച്ച്.

# Opioid substitution therapy (OST) കേന്ദ്രങ്ങൾ

മയക്കുമരുന്ന് കുത്തിവെക്കുന്നവരുടെ ഇടയിലെ അപകടം കുറക്കുന്നതിനും അവരെ ലഹരി വിമുക്തമാക്കുന്നതിനും സഹായകരമായ കേന്ദ്രങ്ങളാണ് OST കേന്ദ്രങ്ങൾ. താഴെ പറയുന്ന സ്ഥലങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്.

| OST Centre | Govt & NGO Centre | Email ID |
|---|---|---|
| Medical College Hospital, Trivandrum | Govt | ostcentremchtvm@gmail.com |
| Keraleeyam | Keraleeyam IDU Suraksha Project House No.76 B, Pavithra Nagar, Kuriyathi,Manacadu PO. Trivandrum. | keraleeyamidusuraksha@gmail.com |
| Govt. General Hospital, Alappuzha | Govt | ostghalappuzha@gmail.com |
| Taluk Head Quarter Govt Hospital, Chertala | Govt | ostthqhcherthala@gmail.com |
| District Hospital, Aluva, Eranakulam | Govt | ost.dist.hospitalaluva@gmail.com |
| CAPS IDU TI Project, Ernakulam | CAPS IDU SURAKSHA, House No:53/2883, Kunjanbava Road, Near Whitemart , Vytilla Ponnurunni, Ernakulam - 682019 | caps_idu@yahoo.co.in |
| Thaluk Gen Hospital, Muvatupuzha | Govt | ostghmvpa@gmail.com |
| Manjeri Govt Hospital, Malapuram | Govt | ostmanjeri@gmail.com |
| CSRD IDU TI Project, Kozhikkodu | CSRD IDU SURAKSHA, Opposite Konnad Bus Stop Beach Road, WestHill (P.O Calicut-673505 | csrdcalicut@gmail.com |
| Govt. Thaluk Hospital, Thamaraserry | Govt | ostcentretsy@gmail.com |
| Satellite OST Thaluk Hospital, Koyilandy | Govt | sostcenterkoyilandy@gmail.com |

## 2 Integrated Counselling and Testing Centre (ICTC)
## ജ്യോതിസ് കേന്ദ്രങ്ങൾ

ഒരാൾ എച്ച്.ഐ.വി അണുബാധിതനാണോ, എന്നു മനസ്സിലാക്കാനാകുന്നത് രക്ത പരിശോധനയിലൂടെ മാത്രമാണ്. ഈ പരിശോധനയ്ക്കും അനുബന്ധ കൗൺസിലിംഗ് നൽകുന്നതിനുമായി മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, CHC, തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലായിട്ട് സംസ്ഥാനത്ത് ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജ്യോതിസ് കേന്ദ്രങ്ങളിൽ എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും സൗജന്യമാണ്. ഇവിടെ പരിശോധനയ്ക്കും കൗൺസലിംഗിനും വിധേയമാകുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നു.



### ജ്യോതിസിൽ ലഭ്യമായ സേവനങ്ങൾ

എച്ച്.ഐ.വി ടെസ്റ്റ് അഥവാ പരിശോധന നടത്തണമെന്ന് ആഗ്രഹിക്കുന്ന ആർക്കും നേരിട്ട് ജ്യോതിസിൽ പരിശോധനയ്ക്ക് വിധേയരാകാവുന്നതാണ്. രക്ത പരിശോധനയ്ക്ക് മുൻപും ശേഷവും കൗൺസലിംഗ് സൗകര്യം ജ്യോതിസ് ലഭ്യമാക്കുന്നുണ്ട്. ഏകദേശം 10 _ 30 മിനുട്ടിനുള്ളിൽ ഇവ പൂർത്തിയാക്കാവുന്നതാണ്. ഇവിടെ എല്ലാ സേവനങ്ങളും സൗജന്യമാണ്.

സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നവർ, ലൈംഗിക രോഗമുള്ളവർ, ക്ഷയരോഗ ബാധിതർ, മയക്കുമരുന്നു കുത്തിവെയ്ക്കുന്നവർ, എല്ലാ ഗർഭിണികളും, എച്ച്. ഐ. വി പോസിറ്റീവ് സ്ത്രീകൾക്ക് ജനിച്ച കുഞ്ഞുങ്ങൾ, എച്ച്.ഐ.വി ബാധിച്ച സ്ത്രീകളുടെ (WLHIV) പരിശോധിക്കാത്ത കുട്ടികൾ, വളർച്ച കുറവ്, കടുത്ത പോഷകാഹാരക്കുറവ് വികസന നാഴികക്കല്ലുകളുടെ കാലതാമസം, ഓറൽ ത്രഷ്, കടുത്ത

ന്യൂമോണിയ, സെപ്സിസ് എന്നിവ ഉള്ള കുട്ടികൾ.
HIV/AIDS ലക്ഷണങ്ങൾ ഉള്ള രോഗികൾ, ലൈംഗികാതിക്രമങ്ങൾ നേരിട്ട വ്യക്തികൾ, ടിബി/ ഹെപ്പറ്റൈറ്റിസ് ബി/ ഹെപ്പറ്റൈറ്റിസ് സി / എസ്.ടി.ഐ/ ആർ.ടി.ഐ ഉള്ള രോഗികൾ. എസ്.ടി.ഐ/ ആർ.ടി.ഐ ക്ലിനിക്കുകൾ സന്ദർശിക്കുന്നവർ, People Living with HIV (PLHIV) യുടെ ലൈംഗിക പങ്കാളികൾ, ഒന്നിലധികം പങ്കാളികളുള്ളവർ & സൂചികൾ പങ്കുടുന്നവർ എച്ച്.ഐ.വി പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്.

## EVTHS Elimination of vertical transmission of HIV & Syphilis

### അമ്മയിൽ നിന്നും കുഞ്ഞിലേക്ക് എച്ച്. ഐ. വിയും സിഫിലിസും പകരുന്നത് തടയൽ

എച്ച്.ഐ.വി അണുബാധിതയായ അമ്മയിൽ നിന്ന് ഗർഭസ്ഥ ശിശുവിലേയ്ക്ക് അണുബാധ തടയുന്നതിനുള്ള ചികിത്സാ രീതികൾ നിലവിലുണ്ട്. അമ്മ എച്ച്.ഐ.വി അണുബാധിതയാണെന്ന കാര്യം എത്രയും നേരത്തേ കണ്ടെത്തുന്നതിലൂടെ ഗർഭസ്ഥ ശിശുവിലേയ്ക്ക് അണുബാധ പകരാനുള്ള സാധ്യത അത്രയും നമുക്ക് കുറയ്ക്കാനാകും. അതുകൊണ്ടു തന്നെ എല്ലാ ഗർഭിണികളും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ എച്ച്.ഐ.വി പരിശോധനയ്ക്ക് വിധേയരാകേണ്ടതുണ്ട്. ഏത് ജ്യോതിസ് കേന്ദ്രത്തിൽ വേണമെങ്കിലും എച്ച്.ഐ.വി പരിശോധനയ്ക്ക് ഇവർക്ക് വിധേയരാകാവുന്നതാണ്.
അമ്മ എച്ച്.ഐ.വി അണുബാധിതയാണെങ്കിൽ ഉടനെ മരുന്നുകൾ ആരംഭിക്കുകയും കുഞ്ഞിന് ജനന ശേഷം മരുന്നുകൾ നൽകുകയും ചെയ്യുന്നു.



# ICTC ക്ലിനിക്ക് ലിസ്റ്റ്

## KOLLAM

District Public Health Lab
Govt.Victoria Hospital,
THQH, Punalur
THQH, Kottarakkara
THQH, Karunagappally,
Govt. Medical College, Kollam

## TRIVANDRUM

T H Q H, Nedumangad,
State Public Health Lab
Microbiology Dept., MCH
W & C Hospital, Thycaud
Genl. H, Neyyattinkara
CDH, Pulayanarkotta
DMH, Peroorkkada
TH, Attingal
General Hospital, Trivandrum
Central Prison, Poojappura

## PATHANAMTHITTA

General Hospital,pta
Govt. Hospital, Thiruvalla
DH, Kozhenchery
Genl H, Adoor,
THQH, Ranni,
MCH Konni

## KOTTAYAM

Microbiology Dept., MCH
THQH, Vaikom
DH, Kottayam
Genl. H Pala
Genl. H Changanassery

## ALAPPUZHA

Microbiology, MCH, Vandanam
W & C Hospital, Beach
General Hospital, Alp
DH, Mavelikkara,
THQH Chengannur

# ERNAKULAM

W & C, Mattancherry
Govt.Medical College Ernakulam
General Hospital, Ernakulam
General Hospital, Muvattupuzha
THQH, Perumbavoor
DH, Aluva
Mobile ICTC
THQH Angamaly

# IDUKKI

DH, Idukki
THQH, Adimaly
DH, Nedumkandam
DH, Thodupuzha
THQH, Peermade
THQH,Kattappana

# PALAKKAD

THQH, Chittur
GTSH, Kottathara, Attappadi
DH, Palakkad
GH, Ottappalam
CHC, Kozhinjampara
W&C Palakkad
Mobile ICTC
MCH Palakkad

# THRISSUR

THQH,Kodungalloor
THQH,Chavakkad
Microbiology Dept., MCH
GH Thrissur
DH, Wadakkanchery
THQH, Irinjalakkuda
THQH, Chalakkudy
Central Prison, Viyyur
Jubilee Medical College

## MALAPPURAM

THQH, Ponnani
THQH, Tirurangadi,
DH, Nilambur
Govt. Medical College, Manjeri
THQH, Perinthalmanna
General Hospital Tirur
W&C Ponnani

## WAYANAD

DH, Mananthavady
THQH, Sulthanbathery
Genl. Hospital, Kalpetta

## KOZHIKKODE

Microbiology Dept., MCH
W & C Hospital,Kottaparambu
DH, Vatakara
THQH, Koyilandy
General Hospital (Beach) Vanitha
CHC, Thalakkulathur

## KANNUR

DH, Kannur
GH Thalasseri
ACME, Pariyaram
W&C Mangattuparambu
Central Prison, Kannur

## KASARAGODE

DH Kanjangad
General Hospital Kasaragode
CTC Mangalpede

# 3 Sexually Transmitted Infections (STI) Clinics
## പുലരി കേന്ദ്രങ്ങൾ

ലൈംഗിക രോഗമുള്ള വ്യക്തികൾക്ക് എച്ച്.ഐ.വി അണുബാധ പിടിപെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ഭൂരിഭാഗം ലൈംഗിക രോഗങ്ങളും ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. അതിനാൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്ത് 23 STI ക്ലിനിക്കുകൾ (പുലരി) പ്രവർത്തിക്കുന്നു. ലൈംഗിക ബന്ധത്തിലൂടെ പകരുന്ന അണുബാധകളാണ് STI. 14 ജില്ലാ / ജനറൽ ആശുപത്രികളിലും, 6 സർക്കാർ മെഡിക്കൽ കോളേജുകളിലും കൊച്ചി സഹകരണ മെഡിക്കൽ കോളേജിലുമായാണ് പുലരി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്. രോഗനിർണയം, കൗൺസിലിംഗ്, ലാബ് ടെസ്റ്റുകൾ, സൗജന്യ ചികിത്സ, കോണ്ടം വിതരണം, ജ്യോതിസ് കേന്ദ്രങ്ങളിലേയ്ക്കുള്ള റഫറൽ എന്നിവയാണ് ഈ ക്ലിനിക്കുകളിൽ നൽകുന്ന സേവനങ്ങൾ. പുലരി ക്ലിനിക്കുകളിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, കൗൺസിലർ എന്നിവരാണുള്ളത്.

## STI ക്ലിനിക്ക് ലിസ്റ്റ്

- Medical College Hospital,Trivandrum
- General Hospital Trivandrum
- General Hospital,Neyyattinkara
- District Hospital, Kollam
- General Hospital, Pathanamthitta
- Medical College Hospital,Alappuzha
- General Hospital, Alappuzha
- Medical College Hospital, Kottayam
- District Hospital, Kottayam
- District Hospital, Painavu, Idukki
- General Hospital, Ernakulam

- Medical College, Kalamassery, Kochi
- District Hospital, Thrissur
- Medical College, Thrissur
- District Hospital, Palakkad
- Govt. Medical College, Manjeri, Malappuram
- District Hospital, Tirur
- Medical College Hospital, Kozhikode
- General Hospital, Kozhikode
- District Hospital, Mananthavady
- District Hospital, Kannur
- Govt. Medical College, Pariyaram, Kannur
- District Hospital, Kanhangad,Kasargode
- State Reference Centre(SRC)- Dept. Of Microbiology, Medical College, Thiruvananthapuram"

## Care Support and Treatment (CST)

### ചികിത്സയും പരിചരണവും

എച്ച്.ഐ.വി അണുബാധിതരായ വ്യക്തികൾക്ക് ആദ്യ കുറച്ചു വർഷങ്ങളിൽ ലക്ഷണങ്ങൾ ഉണ്ടാകാറില്ല. ആറ് മുതൽ എട്ട് വർഷം വരെ ലക്ഷണങ്ങൾ ഉണ്ടാകണമെന്നില്ല. കാലക്രമേണ രോഗപ്രതിരോധ ശേഷി കുറയുമ്പോൾ വിവിധ അവസരജന്യ അണുബാധകൾ (OIs) പ്രകടമാകുന്നു. ഈ ഘട്ടത്തിൽ, ചികിത്സയും മാനസികസാമൂഹിക പിന്തുണയും ആവശ്യമാണ്. Opportunistic Infections OI) കളുടെ കൃത്യമായ രോഗനിർണയവും ചികിത്സ ആരംഭിക്കുന്നതും മികച്ച ജീവിതം നയിക്കാൻ എച്ച്.ഐ.വി. അണുബാധിതരെ സഹായിക്കുന്നു.

# 4 Antiretroviral Therapy (ART) Centers
## ഉഷസ്സ് കേന്ദ്രങ്ങൾ

എച്ച്.ഐ.വി. അണുബാധിതരായ വ്യക്തികൾക്ക് ആരോഗ്യപരവും സന്തോഷകരവുമായ ജീവിതം നയിക്കാൻ സഹായകമായ ചികിത്സകൾ ഇന്ന് ലഭ്യമാണ്. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാനാകില്ലെങ്കിലും വൈറസിന്റെ അനിയന്ത്രിതമായ പെരുകലിനെ നിയന്ത്രിച്ചു കൊണ്ട്, മറ്റു അവസരജന്യ രോഗങ്ങൾ പിടിപെടാനുള്ള സാധ്യത കുറയ്ക്കാൻ ART ചികിത്സകൾ വഴി സാധിക്കും. അണുബാധിതരാണെന്ന് കണ്ടെത്തിയാലുടൻ തന്നെ ചികിത്സയ്ക്കായി ART അഥവാ ഉഷസ്സ് കേന്ദ്രങ്ങളെ സമീപിക്കേണ്ടതാണ്. ART ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ചികിത്സ തേടുന്ന വ്യക്തികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നു. എ. ആർ. ടി സേവനങ്ങൾ നൽകുന്നതിനായി മെഡിക്കൽ കോളേജുകളിലും ജില്ലാതല ആശുപത്രികളിലും ഉഷസ്സ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## ART ക്ലിനിക്ക് ലിസ്റ്റ്

| Facility for CST | Existing | Hospitals where Located |
|---|---|---|
| ART centres | 7 | MCH Alappuzha , MCH Kottayam<br>DH Palakkad , GH Ernakulam<br>GH Kasaragod, DH Kannur & DH Kollam |
| ART Plus centreipsum | 3 | MCH Thrissur<br>MCH Trivandrum<br>MCH Kozhikode |
| Link ART Centresipsum | 15 | PH Lab Kollam, DH, Neyyatinkara, THQH Punalur, THQH Kottarakara, GH Pathanamthitta, DH Malappuram, DH Mananthavady, DH Painav, DH Kanjangad, THQH Chalakudi, THQH Chavakkad, THQH Irijalakuda, THQH Kodugaloor & Tirbal Hospital - Attapadi |

| | | |
|---|---|---|
| CD-4 Machines | 9 | MCH Alappuzha, MCHKottayam, DHPalakkad, GHErnakulam, GH Kasaragod, MCHThrissur, MCH Trivandrum, MCH Kozhikode & FI – Kannur |
| Viral Load Machines | 1 | MCH Thrissur |
| Care Support Centers - VIHAAN | 7 | Trivandrum, Alapuzha, Kottayam, Thrissur, Kozhikode, Kasargod, Palakkad |

## എച്ച്.ഐ.വി അണുബാധിതരോടുള്ള വിവേചനം

എച്ച്. ഐ. വി / എയ്ഡ്സ് അണുബാധിതരോട് ആദ്യകാലങ്ങളിൽ വിവേചനം നിലനിന്നിരുന്നു. എന്നാൽ വർദ്ധിച്ച തോതിലുള്ള ബോധവത്കരണ പരിപാടികളിലൂടെയും പൊതുജനങ്ങളുടെയും മാധ്യമങ്ങളുടെയും കാര്യക്ഷമമായ ഇടപെടലുകളിലൂടെയും എച്ച്.ഐ.വി. അണുബാധിതരുമായി ഇടപഴകുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിച്ചതിലൂടെയും വിവിധ തലങ്ങളിലെ സഹകരണത്തിലൂടെയും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലൂടെയും വിവേചനം ഗണ്യമായി കുറച്ചു കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്.



## Information, Education and Communication (IEC)
## ബോധവത്കരണം

എച്ച്. ഐ. വി പ്രതിരോധ പ്രവർത്തനങ്ങളെയും അവബോധ പ്രവർത്തനങ്ങളെയും പരിശീലനങ്ങളെയും ഏകോപിപ്പിക്കുന്നതിനും മറ്റു സർക്കാർ, സർക്കാരിതര വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും ചുക്കാൻ പിടിക്കുന്നത് KSACS ലെ IEC / ബോധവത്കരണ വിഭാഗമാണ്. ഇവ സാധ്യമാക്കുന്നതിലേക്കായി റേഡിയോ, ടിവി, തുടങ്ങിയ ദൃശ്യ ശ്രവ്യ മാധ്യമങ്ങളും, സാമൂഹിക മാധ്യമങ്ങളും ദിനപത്രം, മാസികകൾ തുടങ്ങിയ അച്ചടി മാധ്യമങ്ങളും ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

എച്ച്.ഐ.വി അണുബാധ പിടിപെടാൻ സാധ്യത കൂടുതലുള്ള വിഭാഗമായ യുവജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ, കോളേജ്, ആർട്സ് & സ്പോർട്സ് ക്ലബ് എന്നിവിടങ്ങൾ വഴി വിവിധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

കേരളത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികളെ ലക്ഷ്യം വെച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് 'കൗമാര ആരോഗ്യ വിദ്യാഭ്യാസ പരിപാടി' (Adolescent Health Education program - AHEP) എന്ന പേരിൽ HIV അവബോധപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. അതുപോലെ തന്നെ കേരളത്തിലെ വിവിധ കോളേജുകൾ കേന്ദ്രീകരിച്ച് Red Ribbon Clubs (RRC) പ്രവർത്തിക്കുന്നു. സന്നദ്ധ രക്തദാനം, HIV പ്രതിരോധം, എച്ച്.ഐ.വി അണുബാധിതരോടുള്ള വിവേചനങ്ങൾ അവസാനിപ്പിക്കൽ എന്നിവ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ഈ ക്ലബ്ബുകളിൽ ഏതു കോളേജിനും വിദ്യാർത്ഥിക്കും അംഗമാകാവുന്നതാണ്. ഈ ക്ലബ്ബുകൾ വഴി എല്ലാ വർഷവും സന്നദ്ധ രക്തദാനം നടക്കുന്നുണ്ട്.



ശ്രദ്ധ ക്യാമ്പെയിൻ, യുവജ്ജ്വാല ക്യാമ്പെയിൻ, **EMTCT (Elimination of mother-to-child transmission)** ക്യാമ്പെയിൻ, **Know your status** ക്യാമ്പെയിൻ, ഗോത്രവർഗ്ഗ, തീരദേശ, ഗ്രാമീണ മേഖലകളെ കേന്ദ്രീകരിച്ചുള്ള നാടൻ കലാമേള ക്യാമ്പെയിൻ, തുടങ്ങിയവ 90 – 90 – 90 ടാർഗെറ്റുകളിൽ കേന്ദ്രീകരിച്ച് ആരംഭിച്ചു.

എച്ച്.ഐ.വി അവബോധ പ്രവർത്തങ്ങൾ ജനങ്ങളിലേക്ക് എത്തുന്നതിന് വിവിധ മേഖലകളിൽ പ്രശസ്തരായ വ്യക്തികൾ KSACS മായി സഹകരിക്കുന്നു
സിനിമാ താരങ്ങളായ ശ്രീ. മോഹൻലാൽ, ശ്രീമതി മഞ്ജു വാര്യർ, ശ്രീ. നീരജ് മാധവ്, ശ്രീ. യുവ കൃഷ്ണ എന്നിവർ ഗുഡ്‌വിൽ അംബാസിഡർമാരായി പ്രവർത്തിക്കുന്നു




## Mainstreaming & GIPA
### (Greater Involvement of People Living with HIV)
### മുഖ്യധാരാവത്കരവും അണുബാധിതരുടെ അർത്ഥവത്തായ പങ്കാളിത്തവും

എച്ച്.ഐ.വി കേവലമൊരു ആരോഗ്യ പ്രശ്നം മാത്രമല്ല. അതൊരു സാമൂഹിക പ്രശ്നം കൂടിയാണ്. എച്ച്.ഐ.വിയെ പൂർണമായും നിയന്ത്രിക്കുന്നതിന് KSACS ന്റെയും ആരോഗ്യ വകുപ്പിന്റെയും മാത്രം പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കില്ല.ഇതിനു വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമാണ്.ഇതിനായാണ് Mainstreaming അഥവാ മുഖ്യധാരാ പ്രവത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. എച്. ഐ. വി അണുബാധിതരായ വ്യക്തികൾക്ക് അവരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി കേരളം സർക്കാരിന്റെ സഹായത്തോടെ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ അണുബാധിതർക്കായി KSACS മുഖേന നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം തന്നെ അണുബാധിതരുടെ അർത്ഥവത്തായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി GIPA ശ്രദ്ധ കേന്ദ്രീകരിക്കുന്നു.



# HELP LINE - 1097

എച്ച്.ഐ.വി / എയ്ഡ്സുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനുമായി പ്രവർത്തിക്കുന്ന ദേശീയ **toll free** നമ്പറാണ് **1097**. ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഉൾപ്പെടുന്ന എല്ലാ പ്രാദേശിക ഭാഷകളിലും ഈ സേവനം സൗജന്യമായും രഹസ്യാത്മകമായും ലഭ്യമാണ്.



KERALA STATE AIDS CONTROL SOCIETY

Kerala State AIDS Control Society,
IPP Building, Redcross Road,
Thiruvananthapuram-695035

0471 2304882,
keralasacs@gmail.com

keralasacs

Website

Facebook

Instagram

X

Youtube

Printed at KBPS, Kakkanad, Kochi-30